പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 3227

07/02/2018 ൽ
മറുപടിക്ക്

## കശുവണ്ടിപരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ

ചോദ്യം

ശ്രീ.കെ.സി.ജോസഫ്
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എം.വിൻസെന്റ്
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം

ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; അത് വിജയപ്രദമാണോ ; | (എ) | ആഭ്യന്തര വിപണിയിൽ കശുവണ്ടി പരിപ്പിന്റേയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടേയും വിൽപന വിപുലമാക്കുന്നതിനു വേണ്ടി കേരളത്തിലുടനീളം സി.ഡി.സി. കാഷ്യൂവിന്റെ വിതരണത്തിനായി ഡിസ്ട്രിബ്യൂട്ടർമാരുടെ ഷോപ്പുകളും ഫ്രാഞ്ചൈസികളും ഉണ്ട്. കൂടാതെ കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, കൊച്ചി, മൂവാറ്റുപുഴ, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിൽ ഫ്രാഞ്ചൈസികൾ ആരംഭിക്കാനുള്ള നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. പുതുതായി 100 ഫ്രാഞ്ചൈസി ഡിസ്ട്രിബ്യൂട്ടേഴ്സിനേയും നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനു പുറമേ കോർപ്പറേഷന്റെ തനത് ഉല്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും, വിപണന മേഖല കണ്ടെത്തുന്നതിനും വേണ്ടി ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ആവശ്യക്കാർക്ക് ചെറിയ പാക്കറ്റുകളിൽ ഉല്പന്നങ്ങൾ വിപണനം നടത്തി വരുന്നുമുണ്ട്.<br>കശുവണ്ടി വികസന കോർപ്പറേഷന്റെ മൂല്യ വർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്കോ കാജു, മിൽക്കികാജു |

| | | | |
|---|---|---|---|
| | | | കാഷ്യൂ സ്പ്രെഡ് CFTRI യുടെ സാങ്കേതിക സഹായത്തോടു കൂടി ഉല്പാദിപ്പിക്കുന്നുണ്ട്.<br>കുട്ടികളുടെ വളർച്ചയും ആരോഗ്യവും ലക്ഷ്യമിട്ട് കശുവണ്ടി പരിപ്പിൽ നിന്നും ചിൽഡ്രൻസ് കാഷ്യൂ വിറ്റ എന്ന ഒരു പുതിയ ഉൽപ്പന്നം കൂടി വിപണിയിൽ ഇറക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ കാഷ്യൂ സൂപ്പ്,കാഷ്യൂ വിറ്റ എന്നിവ കപ്പുകളിൽ ചൂടോടെ അപ്പപ്പോൾ യഥാക്രമം 10/-, 20/- നിരക്കിൽ കസ്റ്റമേഴ്സിന് നൽകുന്നതിനുള്ള സംരംഭം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വർദ്ധിത ഉല്പാദനവും വിപണനവും വിപുലപ്പെടുത്തുന്നതിലേയ്ക്ക് കസ്റ്റമേഴ്സ് മീറ്റും കോർപ്പറേഷൻ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | 2017 ൽ കശുവണ്ടി പരിപ്പ് കയറ്റിയയച്ചതിലൂടെ കോർപ്പറേഷൻ നേടിയ വിദേശ നാണ്യം എത്രയാണ് ; | (ബി) | 2017 ൽ കശുവണ്ടി പരിപ്പ് കയറ്റിയയച്ചതിലൂടെ 2028851.47 ഡോളർ വിദേശ നാണ്യം കോർപ്പറേഷൻ നേടിയിട്ടുണ്ട്. |
| (സി) | ടാൻസാനിയായിൽ നിന്നും കുറഞ്ഞ വിലയുള്ള നിലവാരം കുറഞ്ഞ പരിപ്പ് ഇറക്കുമതി ചെയ്യുന്നത് നമ്മുടെ ഉൽപ്പന്നത്തിന്റെ ആഭ്യന്തര വിപണിയെ ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭീഷണി നേരിടുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നു വ്യക്തമാക്കുമോ ? | (സി) | ടാൻസാനിയായിൽ നിന്നും കുറഞ്ഞ വിലയുള്ള നിലവാരം കുറഞ്ഞ പരിപ്പ് ഇറക്കുമതി ചെയ്യുന്നത് ആഭ്യന്തര വിപണിയെ അധികം ബാധിച്ചിട്ടില്ല. യന്ത്രവൽകൃത സംസ്കരണം നിലവിലുള്ള വിയറ്റ്നാമിൽ സംസ്കൃത കശുവണ്ടിക്ക് താരതമ്യേന വില വളരെ കുറവാണ്. ടി കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്വതന്ത്ര വ്യാപാരകരാർ അനുസരിച്ച് അനുമതി നൽകിയതിനാൽ കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ഇക്കാര്യം സൂചിപ്പിച്ച് ബഹു.കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിയ്ക്ക് സംസ്ഥാന കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് 2017 നവംബർ മാസം കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ